(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

പ്രീഡിഗ്രി പ്ലസ് ടു കോഴ്സുകളുടെ ജില്ല തിരിച്ചുള്ള സീറ്റുകൾ

(468) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു കോളേജുകളിൽ നിന്ന് പൂർണ്ണമായും പ്രീഡിഗ്രി കോഴ്സ് നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) പ്ലസ് ടു നടപ്പിലാക്കുന്നതിന് മുന്പ് കോളേജുകളിൽ എത്ര പ്രീഡിഗ്രി സീറ്റാണ് ഉണ്ടായിരുന്നത് ;

(സി) അവ ഏതെല്ലാം കോളേജുകളിലായിരുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) ഇതുവരെ ഓരോ ജില്ലയ്ക്കും നൽകിയ പ്ലസ് ടു സീറ്റ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്ലസ് ടു സീറ്റുകൾ നൽകിയ മാനേജുമെന്റ് വിദ്യാലയങ്ങളുടെ സമുദായം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ വർഷം കോളേജുകളിൽ പ്രീഡിഗ്രിക്ക് കുട്ടികളെ പ്രവേശിപ്പിക്കുകയില്ല.

(ബി&സി) പ്രീഡിഗ്രി സീറ്റുകളെ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഡി&ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരങ്ങൾ

(476) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസരംഗത്ത് മാറ്റം വരുത്താൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ സർക്കാർ അടുത്തവർഷം എന്തെല്ലാം പരിഷ്ക്കരണ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവര സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കോളേജുകളിൽ കംപ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോളേജുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ഉൾപ്പടെ ധാരാളം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. യു. ജി. സി. സ്കീം നടപ്പിലാക്കിയതിന്റെ ഭാഗമായി പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തി, സംസ്ഥാനത്തെ അദ്ധ്യാപന വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനായി റിഫ്രഷർ കോഴ്സുകളും ഇൻസർവീസ് കോഴ്സുകളും ധാരാളം സെമിനാറുകളും നടത്തിവരുന്നു. അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പുതിയ എൻജിനീയറിംഗ് കോളേജുകളിൽ ഇൻഫർമേഷൻ ടെക്നോളജി പോലുള്ള ഹൈടെക് കോഴ്സുകൾ ആരംഭിച്ചു നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ വിവര സാങ്കേതിക വിദ്യയ്ക്ക് ഊന്നൽ നൽകി പാഠ്യപദ്ധതി പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു.

(സി) 1999-2000 അദ്ധ്യായനവർഷത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പുതിയതായി അനുവദിച്ച 4 സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ വിവരസാങ്കേതിക ശാഖയിലും/അനുബന്ധശാഖകളിലും ബിരുദകോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. 2000-2001 വർഷത്തിൽ ഈ വകുപ്പിനു കീഴിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 2 എൻജിനീയറിംഗ് കോളേജുകളിലും 4 പോളിടെക്നിക്കുകളിലും വിവര സാങ്കേതിക ശാഖയിൽ യഥാക്രമം ബിരുദ കോഴ്സുകളും ഡിപ്ലോമാ കോഴ്സുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. പാർട്ട്ടൈം കോഴ്സുകളും വിവിധ സാങ്കേതിക /അനുബന്ധ വിഷയങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

പ്രീഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ

(477) ശ്രീമതി രാധാരാഘവൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി ഡീലിങ്കിംഗ് പൂർത്തിയാക്കുമ്പോൾ സംസ്ഥാനത്തുള്ള സർവ്വകലാശാലകളിൽ പ്രീഡിഗ്രിക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കുമോ ;

(ബി) ഇല്ലാത്തപക്ഷം ഇതേ തുടർന്ന് എത്ര ട്യൂട്ടോറിയൽ അദ്ധ്യാപകർക്ക് തൊഴിലില്ലാതാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly